# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **968** — **30/01/2019**-ലെ മറുപടി

## കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ടി ബൽറാം<br>ശ്രീ . പി ടി തോമസ് | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) അടുത്ത വേനൽക്കാലത്തു കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ? | എ) സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത മഴയെ മാത്രം ആശ്രയിച്ചായതിനാൽ മഴയുടെ അളവിലുണ്ടായ കുറവ് വരൾച്ചാ സമാനമായ സ്ഥിതിവിശേഷം ഉണ്ടാക്കിയേക്കും എന്ന നിഗമനത്തിൽ അത്തരമൊരു സാഹചര്യം ഉണ്ടായാൽ ബാധിക്കാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികൾ അവലോകനം ചെയ്യുകയും സ്വീകരിക്കേണ്ട നടപടികളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്രോതസ്സുകളിൽ ഇപ്പോൾ നിലവിലുള്ള ജലം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി മേഖലാ ചീഫ് എഞ്ചിനീയർമാർക്ക് ഡിസംബർ മാസം തന്നെ നിർദ്ദേശം നല്കിയിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താൽക്കാലിക തടയണ നിർമാണം, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ ആവശ്യാനുസരണം പൂർത്തിയാക്കിയിട്ടുണ്ട്. വേനൽ രൂക്ഷമാകുന്ന സ്ഥിതി ഉണ്ടാകുകയാണെങ്കിൽ അതോറിറ്റിയുടെ ചില പദ്ധതികളെ ബാധിക്കാൻ സാധ്യതയുണ്ട് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഇത്തരത്തിൽ ഒരു അവസ്ഥ കുടിവെള്ള വിതരണത്തെ ബാധിക്കാതെയിരിക്കുവാൻ ആവശ്യമായ പ്രവൃത്തികളുടെ സംഗ്രഹം എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. പുതിയ കിണർ കുഴിക്കൽ, കേടായതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ്/മോട്ടോർ തുടങ്ങിയവ നന്നാക്കൽ, ഇന്റർകണക്ഷൻ, ടാങ്കർ ലോറിക്ക് ജലം നിറക്കാനുള്ള സൗകര്യമൊരുക്കൽ തുടങ്ങി ജലവിതരണം സുഗമമായി നടത്തിക്കൊണ്ടു പോകാനുള്ള വിവിധയിനം പ്രവൃത്തികൾ ആണ് സമർപ്പിച്ചിട്ടുള്ളത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് |

ആവശ്യകതയ്ക്കനുസരിച്ച് ഇവയിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതാണ്.

ബി) കുടിവെള്ളലഭ്യത ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ ?

ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ,ജനപ്രതിനിധികൾ (എം.എൽ.എ, എം.പി.) പട്ടികജാതി- പട്ടികവർഗ വികസന വകുപ്പുകൾ മുതലായവ ആവശ്യപെടുന്നതനുസരിച്ച് ചെറുകിട പദ്ധതികൾ നടപ്പിലാക്കാറുണ്ട്

Renuka Sankar
സെക്ഷൻ ഓഫീസർ